**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1698 | 31.01.2018-ൽ മറുപടിയ്ക്ക് |
|---|---|
| **മാലിന്യ നിർമ്മാർജ്ജനം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.പി.കെ.ശശി** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) എല്ലാ തരത്തിലുമുള്ള മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും ആളില്ലാത്ത പറമ്പുകളിലും രാത്രികാലങ്ങളിൽ റോഡുവക്കിലും നിക്ഷേപിയ്ക്കുന്ന പ്രവണത കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു തടയുവാനും കുറ്റക്കാരെ കണ്ടെത്താനും ശിക്ഷ ഉറപ്പാക്കാനുമായി ചെയ്തു വരുന്ന പ്രവർത്തനങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും 1994 ലെ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 (u) പ്രകാരവും മുനിസിപ്പാലിറ്റി ആക്ടിന്റെ 340 ാം വകുപ്പ് പ്രകാരവുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യവിഭാഗത്തിന്റെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് രാത്രികാലപരിശോധനകൾ നടത്തിവരുന്നുണ്ട്. |
| (ബി) ഈ സർക്കാർ വന്നശേഷം ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ നല്കിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ; | (ബി) പഞ്ചായത്തുകൾ മുഖേന നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. |

| ജില്ല | നോട്ടീസ് നൽകി നടപടികൾ സ്വീകരിച്ചത് | പിഴ ഈടാക്കിയത് | |
|---|---|---|---|
| | | എണ്ണം | തുക |
| തിരുവനന്തപുരം | 0 | 0 | 0 |
| കൊല്ലം | 0 | 0 | 0 |
| പത്തനംതിട്ട | 1 | 0 | 0 |
| ആലപ്പുഴ | 5 | 0 | 0 |
| കോട്ടയം | 2 | 0 | 0 |
| ഇടുക്കി | 4 | 4 | 5000 |
| എറണാകുളം | 2 | 1 | 20000 |
| തൃശ്ശൂർ | 89 | 78 | 121601 |
| പാലക്കാട് | 4 | 0 | 0 |
| മലപ്പുറം | 9 | 0 | 0 |
| കോഴിക്കോട് | 15 | 0 | 105000 |
| വയനാട് | 2 | 0 | 0 |
| കണ്ണൂർ | 11 | 11 | 145200 |
| കാസർഗോഡ് | 0 | 0 | 0 |
| ആകെ | 144 | 109 | 396801 |

| | | | |
|---|---|---|---|
| | | | നഗരസഭകളിൽ നിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | **വീട്ടിലെ മാലിന്യങ്ങൾ സംസ്കരിക്കേണ്ടവ സംസ്കരിയ്ക്കുവാനും അല്ലാത്തവ ശേഖരിച്ച് വേണ്ടുന്ന സംസ്കരണം ഉറപ്പു വരുത്താനുമായി ഗ്രാമ പഞ്ചായത്തുകളിൽ തുടങ്ങി കോർപ്പറേഷനുകളിൽ വരെ എന്തു നടപടികളാണ് നിലവിലുള്ളത് എന്നറിയിക്കാമോ; ഇവ പ്രസ്തുത തദ്ദേശഭരണസ്ഥാപന അധികാരികൾക്ക് ഉറപ്പുവരുത്താൻ കഴിയുന്നുണ്ടോ; എങ്കിൽ എപ്രകാരം എന്ന് വ്യക്തമാക്കുമോ?** | (സി) | 1. മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഓരോ വീട്ടിലും നിലവിൽ ഏതു രീതിയാണ് അവലംബിക്കുന്നതെന്ന് വിലയിരുത്തിയ ശേഷം ജൈവകമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് എന്നിവയിൽ ഏത് രീതിയാണ് പ്രായോഗികമാക്കുക എന്ന കണ്ടെത്തുകയും ആ രീതിയിൽ ജൈവമാലിന്യ പരിപാലനത്തിന് വീട്ടുകാരെ സജ്ജരാക്കുന്നതിനുള്ള പ്രവർത്തനം ഹരിതകേരള മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് /മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ തലങ്ങളിൽ നടപ്പിലാക്കി വരുന്നു.<br><br>2. മാലിന്യം കുറയ്ക്കുക, വസ്തുക്കളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുക, പുന:ചംക്രമണംഉറപ്പാക്കുക എന്നീ തത്വങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഹരിത കർമ്മസേനാംഗങ്ങളുടെ സഹായത്തോടെ നടപ്പി ലാക്കി വരുന്നു.<br><br>3. അജൈവ മാലിന്യങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേനാപ്രവർത്തകരുടെ സഹായത്തോടെ തരംതിരിച്ച് ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്), യിൽ എത്തിക്കുന്നതാണ്. അവിടെ നിന്നും വീണ്ടും രണ്ടാം തരംതിരിക്കലിന് വിധേയമാക്കി റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ എത്തിച്ച് ക്ലീൻ കേരള കമ്പനിയുടെ ഉത്തരവാദിത്വത്തിൽ പുന:ചംക്രമണം ഉറപ്പാക്കുന്ന തിനായി നീക്കം ചെയ്യുന്നതുമാണ്.<br><br>ഇപ്രകാരം ഗാർഹികതലമാലിന്യപരിപാലനം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ